**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഷീ സ്മാർട്ട് കഫെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഷീ സ്മാർട്ട് കഫെ പദ്ധതിക്കുവേണ്ടി പരിശീലനം പൂർത്തീകരിച്ച പട്ടികജാതി വനിതകൾക്ക് സംസ്ഥാനത്ത് പലയിടത്തും ധനസഹായം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 20 പട്ടികജാതി വനിതകൾക്ക് Women Entrepreneurship Development Programme in Restaurant Management പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി സ്റ്റേറ്റ് റിസോഴ്സ് സെന്റർ മുഖാന്തിരം നടപ്പിലാക്കുന്നതിന് 48,00,000/- രൂപ (നാല്പത്തിയെട്ട് ലക്ഷം രൂപ) യുടെ ഭരണാനുമതി 2016-17 ൽ നൽകിയിരുന്നു. 20 പട്ടികജാതി വനിതകൾക്ക് റസ്റ്റോറന്റ് മാനേജ്മെന്റിൽ പരിശീലനം നൽകി 2 യൂണിറ്റ് ഷീ സ്മാർട്ട് കഫേ (ഒരു യൂണിറ്റിൽ 10 വനിതകൾ എന്ന ക്രമത്തിൽ) സ്ഥാപിച്ച് തൊഴിൽ ഉറപ്പാക്കണമെന്ന വ്യവസ്ഥയോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്. അതിലേയ്ക്ക് ധാരണാപത്രത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒന്നാം ഗഡുവായി 28,00,000/- രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ) സ്ഥാപനത്തിന് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ പരിശീലനം നൽകിയെങ്കിലും ഷീ സ്മാർട്ട് കഫേകൾ സ്ഥാപിച്ച് തൊഴിൽ നൽകുന്ന കാര്യത്തിൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് സാധിച്ചില്ല. അതിനാൽ ബാക്കി തുക സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടില്ല. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഇപ്രകാരം പരിശീലനം പൂർത്തീകരിച്ച ഇരുപത് യുവതികൾക്കായി അനുവദിച്ച നാല്പത്തിയെട്ട് ലക്ഷം രൂപ അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കാമോ? | (ബി) | 20 പട്ടികജാതി വനിതകൾക്ക് Women Entrepreneurship Development Programme in Restaurant Management പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി നിർവ്വഹണത്തിന് സ്റ്റേറ്റ് റിസോഴ്സ് സെന്റർ മുഖേന നടപ്പിലാക്കുന്നതിനാണ് 48,00,000/- രൂപ (നാല്പത്തിയെട്ട് ലക്ഷം രൂപ) യുടെ ഭരണാനുമതി 2016-17 ൽ നൽകിയത്. |

സെക്ഷൻ ഓഫീസർ